"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിൽ റിസർവ്വേ നമ്പർ 70/1 ൽപ്പെട്ട 3.6899 ഹെക്ടർ (9.1140 ഏക്കർ) എ.ഡബ്ല്യൂ വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഭൂമി, ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും മറ്റ് നിബന്ധനകൾക്കും വിധേയമായി, വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എം) വകുപ്പ്**

സ.ഉ.(കൈ) നം.89/2024/RD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:-
1. കാസർഗോഡ് ജില്ലാ കളക്ടറുടെ 13/07/2021-ലെ DCKSGD/3324/2018/C1 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 27/07/2021-ലെ എൽ.ആർ.കെ2-59479/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 70/1-ൽപ്പെട്ട ഭൂമി വീരമലക്കുന്ന് ടൂറിസം പദ്ധതിക്കുവേണ്ടി ടൂറിസം വകുപ്പിന് കൈമാറി നല്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (1) പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു. ചെറുവത്തൂർ വില്ലേജിൽ റീസർവ്വേ നമ്പർ 70/1 ൽ 3.6899 ഹെക്ടർ (9.1140 ഏക്കർ) ഭൂമി ടൂറിസം വകുപ്പിന് കൈമാറാൻ ലഭ്യമാണെന്നും ടൂറിസം പദ്ധതിക്ക് ആവശ്യമായി വരുന്ന ബാക്കി 0.9641 ഹെക്ടർ (2.381 ഏക്കർ) ഭൂമി വനം വകുപ്പിന്റെ അധീനതയിലുള്ളതും സാമൂഹിക വനവത്കരണ പദ്ധതിക്കായി സോഷ്യൽ ഫോറസ്റ്റി വകുപ്പിന് കൈമാറിയതുമായ റീസർവ്വേ 70/3-ൽപ്പെട്ട ഭൂമിയാണെന്നും ആയത് വനം വകുപ്പിന്റെ അനുമതിയോടു കൂടി ലഭ്യമാക്കാവുന്നതാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ (വീരമലക്കുന്ന്) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ തനത് കലാ സാംസ്കാരിക ടൂറിസം വിഷയങ്ങളെ കോർത്തിണക്കി മഴവില്ല് (റെയിൻബോ) എന്ന പദ്ധതി ടൂറിസം വകുപ്പ് തയ്യാറാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിൽ റിസർവ്വേ നമ്പർ 70/1 ൽ പ്പെട്ട 3.6899 ഹെക്ടർ ഭൂമി വീരമലക്കുന്ന് ടൂറിസം പദ്ധതിക്കായി ടൂറിസം വകുപ്പിന് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി കൈമാറി നൽകാവുന്നതാണ് എന്ന് പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നു. കൂടാതെ വീരമലക്കുന്നിന്റെ പരിസ്ഥിതിക്ക് കോട്ടം വരാത്ത വിധമുള്ള വിനോദസഞ്ചാരം അനുവദിക്കാവുന്നതാണെന്നും വനം വകുപ്പ് തീരുമാനിച്ചിട്ടുള്ളതായും ഇതുമായി ബന്ധപ്പെട്ട

പ്രവർത്തനങ്ങൾക്കായി ആറംഗ സമിതി രൂപീകരിച്ചിട്ടുള്ളതായും അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചെറുവത്തൂർ വില്ലേജിൽ റിസർവ്വേ നമ്പർ 70/1-ൽ പ്പെട്ട 3.6899 ഹെക്ടർ എ.ഡബ്ല്യൂ. വിഭാഗത്തിൽപ്പെടുന്ന സർക്കാർ ഭൂമി, വനമേഖലയിൽപ്പെടുന്ന ഭൂമി ഒഴിവാക്കി, ടൂറിസം വകുപ്പിന്റെ പ്രവർത്തികൾ റവന്യൂ ഭൂമിയിൽ മാത്രം പരിമിതപ്പെടുത്തി വീരമലക്കുന്ന് ടൂറിസം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പിന് ടി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി ടൂറിസം വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ ;

ii) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;

iii) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;

iv) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ടൂറിസം വകുപ്പ് തന്നെ സംരക്ഷിച്ചു നിർത്തേണ്ടതാണ് ;

v) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂട്ടി അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ് .

vi) നിർമ്മാണ ആവശ്യത്തിന് പാറ ഖനനം നടത്തേണ്ടി വന്നാൽ നിയമാനുസൃതമായ അനുവാദം വാങ്ങി മാത്രം ഖനനം നടത്തുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്

vii) ഭൂമി അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്നെ നിർദ്ദിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

3) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർ നടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കാസർഗോഡ്.
തഹസിൽദാർ, ഹോസ്ദുർഗ്ഗ് താലൂക്ക്.
അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം
ടൂറിസം വകുപ്പ് ( ടൂർ-എ2/316/2022-ടൂർ പ്രകാരം)

വനം വകുപ്പ് (FWLD-C3/99/2022-FWLD പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 05-06-2024 14:41:51
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. റവന്യു വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്